പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5345 — 25/10/2011 ൽ മറുപടിയ്ക്ക്

## സ്കൂളുകളിലെ ടോയ്‌ലറ്റ് സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പല സർക്കാർ - എയ്ഡഡ് സ്കൂളുകളിലും വൃത്തിയുള്ളതും, സൗകര്യപ്രദവുമായ ടോയ്‌ലറ്റ് സൗകര്യം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എല്ലാ സ്കൂളുകളിലും മതിയായ ടോയ്‌ലറ്റ് സൗകര്യവും, ശുദ്ധജല ലഭ്യതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ ? | ബി) സർക്കാർ വിദ്യാലയങ്ങളിൽ ടോയ്‌ലറ്റ് സംവിധാനവും, ശുദ്ധജല ലഭ്യതയും സജ്ജീകരിക്കേണ്ട ചുമതല അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. ആവശ്യകതയും ഫണ്ട് ലഭ്യതയും അനുസരിച്ച് എല്ലാ സ്കൂളുകളിലും ടോയ്‌ലറ്റ് സംവിധാനം നടപ്പാക്കി വരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി 2011-12 ബഡ്ജറ്റിൽ തുക വകയിരുത്തിയിരിക്കുന്നതിനു പുറമെ സർവ്വ ശിക്ഷാ അഭിയാൻ, ശുചിത്വ മിഷൻ എന്നിവ വഴിയും സ്കൂളുകളിൽ ടോയ്‌ലറ്റ് സംവിധാനം സജ്ജീകരിക്കുന്നുണ്ട്. എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ